പുസ്തകം

പി.എ നാസിമുദ്ദീൻ

# ആസ്തികൃത്തിന്റെ അനന്ത ചക്രവാളങ്ങൾ

**ഇസ്‌ലാമേതര മതങ്ങളിലെ വായനക്കാർക്ക് ഇസ്‌ലാമിനെ കൂടുതൽ മനസ്സിലാക്കാനും, മുസ്‌ലിംകൾക്ക് തങ്ങളുടെ ബോധ്യങ്ങളെ കൂടുതൽ ദൃഢീകരിക്കാനും ഉപകരിക്കണം എന്ന ലക്ഷ്യത്തോടെ ടി.കെ ഉബൈദ് എഴുതിയ പുസ്തകമാണ് *അല്ലാഹു*.**

●

**എഴുത്തുകാരൻ** സൃഷ്ടി പ്രക്രിയയിൽ തന്റെ ആശയങ്ങളും അത് വ്യഞ്ജിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളും മാത്രമല്ല വായനക്കാരിലേക്ക് സംക്രമിപ്പിക്കുന്നത്. പ്രത്യുത അയാളുടെ അബോധത്തിലെ ആർജിതവാസനകളും ആഭിമുഖ്യങ്ങളും കൂടിയാണ്. അബോധം ഭാഷാരൂപത്തിൽ നിലനിൽക്കുന്നു (Unconsciousness is language) എന്ന ഉത്തരാധുനിക ചിന്തകനായ ഴാക് ലകാന്റെ പ്രസ്താവം ഈ തത്ത്വത്തെ സാധൂകരിക്കുന്നതാണ്.

ഭക്തി പ്രധാനങ്ങളായ മതവിഷയങ്ങളെ കുറിച്ചെഴുതുമ്പോൾ ഈ തത്ത്വത്തിന് ഒരിക്കൽ കൂടി പ്രാമാണികത കൈവരുന്നു. അതുകൊണ്ടാണ് ഇസ്‌ലാമിക ചരിത്രത്തിലെ അനശ്വരകൃതികൾ ഒരേസമയം വൈജ്ഞാനിക കൃതികളായിരിക്കെ തന്നെ ഉയർന്ന ആത്മീയാനുഭവങ്ങൾ കൂടിയാകുന്നത്. യൂസുഫലിയുടെയും സയ്യിദ് ഖുത്ബിന്റെയും ഖുർആൻ തഫ്സീറുകളും, മുഹമ്മദ് അസദിന്റെ യാത്രാവിവരണമായ *മക്കയിലേക്കുള്ള പാത*യും തുടങ്ങി ഒട്ടേറെ കൃതികൾ ഉദാഹരണമായി പറയാവുന്നതാണ്. ഹിന്ദുക്കളുടെ ഭക്തി സാഹിത്യങ്ങളും ഈ തത്ത്വത്തെ അനുസ്മരിപ്പിക്കുന്നുണ്ട്. മേല്പ്പത്തൂർ ഭട്ടതിരിയുടെ *നാരയണീയ*മടക്കമുള്ള ഒട്ടേറെ ഭക്തികാവ്യങ്ങളെക്കാൾ പൂന്താനത്തിന്റെ *ജ്ഞാനപ്പാന* ജനങ്ങൾക്കിടയിൽ വ്യാപകമായി സ്വീകരിക്കപ്പെട്ടത് ഈ ആത്മാർഥത കൊണ്ടാണ്. വൈകാരിക വിക്ഷോഭങ്ങൾക്കും ചാഞ്ചല്യങ്ങൾക്കും താർക്കികതയുടെ ആക്രോശങ്ങൾക്കും പകരം അനർഗളമായി ഒഴുകുന്ന വാക്കുകളുടെയും ആശയങ്ങളുടെയും ഹൃദയഹാരിത്വമാണ് ഇത്തരം കൃതികളുടെ ജനപ്രീതിക്ക് കാരണം.




**അല്ലാഹു**
ടി.കെ ഉബൈദ്
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
പേജ്: 100 വില: 40

നമ്മുടെ സമകാലീന ഇസ്‌ലാമിക സാഹിത്യം ഉപരിപ്ലവമായ വിധിപ്രസ്താവനാ രൂപത്തിലുള്ള കൃതികളായും, അറബിയിലും ഉറുദുവിലുമുള്ള കൃതികളിൽ നിന്നുള്ള കടം കൊള്ളലുകളായും മാറിയിരിക്കെ ടി.കെ ഉബൈദിന്റെ *അല്ലാഹു* പോലുള്ള മൗലികമായ രചനകൾ ഇസ്‌ലാമിക സാഹിത്യ രംഗത്ത് അപൂർവ അനുഭവമാണ്.

സ്ഥൂലതക്ക് പകരം കണിശത, ഓരോ സന്ദർഭത്തിലും ഉചിതമായ വാക്കുകളുടെ പ്രയോഗം, രചനയുടെ

ഓരോ ഖണ്ഡത്തെയും കൃതിയുടെ ലക്ഷ്യത്തിലേക്ക് നിബന്ധിച്ച് നിർത്തുന്ന അവയവ പൊരുത്തം, സരളത, ലാളിത്യം, എഴുതുന്ന വിഷയത്തെക്കുറിച്ച അവഗാഹം മുതലായ ഗുണങ്ങൾ ഉബൈദിന്റെ കൃതികളുടെ പൊതു സ്വഭാവമാണ്.

ഇസ്‌ലാമേതര മതങ്ങളിലെ വായനക്കാർക്ക് ഇസ്‌ലാമിനെ കൂടുതൽ മനസ്സിലാക്കാനും, മുസ്‌ലിംകൾക്ക് തങ്ങളുടെ ബോധ്യങ്ങളെ കൂടുതൽ ദൃഢീകരിക്കാനും ഉപകരിക്കണം എന്ന ലക്ഷ്യത്തോടെ അദ്ദേഹം എഴുതിയ പുതിയ പുസ്തകമാണ് *അല്ലാഹു*.

ഇസ്‌ലാമിക വിശ്വാസത്തിലെ കേന്ദ്രബിന്ദു അല്ലാഹു ആയതിനാൽ നമ്മുടെ മതഗ്രന്ഥങ്ങളിൽ അല്ലാഹുവിനെ കുറിച്ചുള്ള പരാമർശങ്ങളും വിവരണങ്ങളുമാണ് നിറയെ. പക്ഷേ, അവയെല്ലാം ഓരോരോ വിഷയങ്ങളുടെ പ്രത്യേക ഭാഗമായിട്ടാണ് പ്രത്യക്ഷപ്പെടാറ്. എന്നാൽ അല്ലാഹുവിനെ മാത്രം കേന്ദ്രീകരിച്ചെഴുതിയിട്ടുള്ള പുസ്തകങ്ങൾ ഇസ്‌ലാമിക സാഹിത്യത്തിൽ അത്ര സുലഭമല്ല. ഇമാം ഗസാലിയുടെ *ദൈവാസ്തിക്യത്തിന്റെ ഭൗതിക ദൃഷ്ടാന്തങ്ങൾ, അല്ലാഹുവിന്റെ 99 നാമങ്ങൾ* തുടങ്ങിയ ഗ്രന്ഥങ്ങൾ ഉദാഹരണം. കൂടാതെ മലയാളത്തിൽ കെ.സി അബ്ദുല്ല മൗലവിയെഴുതിയ *അല്ലാഹു ഖുർആനിൽ* എന്ന ഗ്രന്ഥവുമുണ്ട്.

പക്ഷേ ഇവയിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഈ പുസ്തകം. ഇതിന്റെ നാമം പോലെ പുതുമയുള്ളതാണ് പ്രതിപാദന രീതിയും. തികച്ചും സ്വതന്ത്രവും യുക്ത്യാധിഷ്ഠിതവുമായ ആധുനിക ജീവിത പരിസരമാണ് ഈ കൃതിയുടെ സംവാദ ഇടം. എല്ലാ വേദവാക്യങ്ങളും ചോദ്യങ്ങളില്ലാതെ അനുസരിച്ചേ പറ്റൂ എന്ന പ്രവണതക്കു പകരം എല്ലാ വേദവാക്യങ്ങളും യുക്തിപരമായി സത്യവും മനുഷ്യ നന്മക്ക് ഉതകുന്നതുമാണ് എന്ന സംവാദാത്മക രീതിയാണ് ഈ കൃതി സ്വീകരിച്ചിരിക്കുന്നത്. ചില വിഷയങ്ങളിൽ തുടർന്നുള്ള അന്വേഷണങ്ങൾക്കും ചർച്ചകൾക്കും ഇടം കൊടുക്കുന്ന രീതിയും കാണാം.

മൂന്നുതരം ജ്ഞാനമേഖലയിലൂടെയാണ് ഈ കൃതി സഞ്ചരിക്കുന്നത്.

1. ആധുനിക യുക്തിയെ അവലംബമാക്കുന്ന രീതിശാസ്ത്രം.

2. ഇസ്‌ലാമിക വിജ്ഞാന മേഖലക്കു പുറമേ ആധുനികശാസ്ത്രത്തിന്റെയും ഗവേഷണത്തിന്റെയും വിജ്ഞാന

**എല്ലാ വേദവാക്യങ്ങളും ചോദ്യങ്ങളില്ലാതെ അനുസരിച്ചേ പറ്റൂ എന്ന പ്രവണതക്കു പകരം എല്ലാ വേദ വാക്യങ്ങളും യുക്തിപരമായി സത്യവും മനുഷ്യ നന്മക്ക് ഉതകുന്നതുമാണ് എന്ന സംവാദാത്മക രീതിയാണ് ഈ കൃതി സ്വീകരിച്ചിരിക്കുന്നത്. ചില വിഷയങ്ങളിൽ തുടർന്നുള്ള അന്വേഷണങ്ങൾക്കും ചർച്ചകൾക്കും ഇടം കൊടുക്കുന്ന രീതിയും കാണാം.**

●

രൂപങ്ങളും, ഇതര മതചിന്തകളിലെ ധൈഷണികമായ ഉദ്ധരണികളും ഈ കൃതി സ്വീകരിക്കുന്നു.

3. ആധുനിക യുക്തിയുടെ മേഖലകൾക്ക് പുറത്തുള്ള അഭൗമ വിഷയങ്ങളും താത്ത്വികമായ വാദഗതികളുടെ സങ്കീർണതകളും വായനക്കാരന്റെ സ്വതന്ത്രമായ ചിന്തകൾക്ക് വിഷയമാക്കുന്നു.

കൃതിയുടെ വിഷയം തൗഹീദ് (ഏകദൈവ വിശ്വാസം) എന്ന ഒരൊറ്റ കേന്ദ്രത്തിലാണ് നിലകൊള്ളുന്നത്. ഇതിലെ ഓരോ അധ്യായവും ഓരോ വാചകവും ഓരോ വാക്കും സ്ഥാപിക്കാനും എടുത്തു പറയാനും ശ്രമിക്കുന്നത് തൗഹീദിന്റെ അതുല്യതയെക്കുറിച്ചാണ്. പുസ്തകത്തിന്റെ നാമം 'അല്ലാഹു' എന്നതിനു പകരം 'ഇസ്‌ലാമിലെ ഏകദൈവ വിശ്വാസം' എന്നോ 'ഏകദൈവവിശ്വാസത്തിന്റെ പ്രസക്തി' എന്നോ ആയിരുന്നെങ്കിൽ പോലും ഒട്ടും തന്നെ അനൗചിത്യം സംഭവിക്കില്ലായിരുന്നു.

ഇസ്‌ലാമിന്റെ യഥാർഥ സത്തയെയും അത് പ്രഖ്യാപിക്കുന്ന അനശ്വര മൂല്യങ്ങളെയും കുറിച്ച് അന്യമതക്കാർക്ക് പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് *അല്ലാഹു* രചിക്കപ്പെട്ടിട്ടുള്ളത്. ചിലയിടങ്ങളിൽ ഇസ്‌ലാമിന്റെ പാരമ്പര്യാധിഷ്ഠിതമായ സങ്കൽപ്പങ്ങളും, ചിലയിടങ്ങളിൽ പുരോഗമനപരമായ സങ്കൽപ്പങ്ങളും, ചിലയിടങ്ങളിൽ സ്വതന്ത്രമായും, ചിലയിടങ്ങളിൽ ന്യൂനീകരണ പ്രവണത പ്രകടിപ്പിച്ചും വ്യത്യസ്ത ടോണുകൾ ഒരേ കൃതിയിൽ സമർഥമായി ഇണക്കി ചേർത്തിരിക്കുന്നത് ഇതിന്റെ സൂക്ഷ്മ വായനയിൽ കണ്ടെത്താനാകും.

ഈ പുസ്തകത്തിന്റെ ആദ്യഭാഗം നീക്കിവെച്ചിരിക്കുന്നത് ദൈവ വിശ്വാസം സത്യമോ മിഥ്യയോ എന്ന വിഷയത്തിനു വേണ്ടിയാണ്. അതിനായി ഗ്രന്ഥകാരൻ അവലംബിക്കുന്നത് നരവംശ ശാസ്ത്രപരവും ചരിത്രപരവുമായുള്ള വിശകലനങ്ങളെയാണ്. ദൈവത്തിന്റെ യാഥാർഥ്യം ഇന്ദ്രിയ പരിധിക്കപ്പുറം അനന്തമായ ഒരു മേഖലയായതിനാൽ അതിന്റെ ആത്യന്തിക സത്യത്തെക്കുറിച്ച് സന്ദിഗ്ധത പുലർത്താനേ കഴിയൂ എന്ന് ഗ്രന്ഥകാരൻ പറയുമ്പോൾ, പതിവു മതഗ്രന്ഥങ്ങളിൽ നിരീശ്വരത്വത്തോട് പ്രകടിപ്പിക്കുന്ന വൈകാരികമായ വിദ്വേഷത്തിന് പകരം താത്ത്വികമായ സമചിത്തതയാണ് കാണാൻ കഴിയുന്നത്.

ദൈവത്തിന്റെ അസ്തിത്വത്തെ തത്ത്വശാസ്ത്രപരമായ ഒരു പ്രശ്നം എന്നതിനേക്കാൾ ജീവിതാനുഭവങ്ങളോടും അസ്തിത്വത്തോടും ബന്ധപ്പെട്ട വിഷയമായി വിലയിരുത്തുന്ന ഗ്രന്ഥകാരന്റെ കാഴ്ചപ്പാട് പ്രത്യേകം ശ്രദ്ധേയമാണ്. അസ്തിത്വത്തിന്റെ അനിശ്ചിതത്വങ്ങളുമായി കഴിയേണ്ടി വരുന്ന മനുഷ്യന് സന്ദിഗ്ധതകളിൽ നിന്നുള്ള മോചനമാണ് ദൈവം. മനുഷ്യൻ പരിമിതനും ദൈവം അപരിമേയനുമായതിനാൽ പരിമിതനായ മനുഷ്യന് അപരിമേയനായ ദൈവത്തെ സങ്കൽപ്പിച്ചു കൊണ്ടു മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ. അപരിമേയത്തിന് മനുഷ്യൻ നൽകുന്ന നാമമാണ് ദൈവമെന്നുള്ള ഭൗതിക വിശ്വാസികളുടെ അഭിപ്രായത്തോട് ഈ വാദഗതി ചിലയിടത്തെല്ലാം സാദൃശ്യം പുലർത്തുന്നു.

ഈ പുസ്തകത്തിന്റെ അധ്യായങ്ങളുടെ ക്രമം അല്ലാഹു എന്ന മുഖ്യവിഷയത്തെ കേന്ദ്രീകരിച്ച് നീങ്ങുന്ന ലംബ രീതിയിലുള്ള ഒരു അനുക്രമമാണ്. ഇതിന്റെ ആദ്യ പകുതി ദൈവവിശ്വാസത്തിന്റെ പ്രസക്തിയെ കുറിച്ച് ചർച്ച ചെയ്ത ശേഷം, 'ആരാണ് അല്ലാഹു' എന്ന ആറാമത്തെ അധ്യായത്തോടുകൂടിയാണ് അല്ലാഹുവിനെക്കുറിച്ചുള്ള ഖുർആനികമായ സങ്കൽപ്പങ്ങൾ പ്രതിപാദിക്കുന്നത്.

ദൈവശാസ്ത്രപരമായ ഒട്ടേറെ കാര്യങ്ങളിലേക്ക് തുടർന്നുള്ള ഭാഗങ്ങൾ വെളിച്ചം വീശുന്നു. നിരീശ്വരത്വവും ബഹുദൈവ വിശ്വാസവും ഇസ്‌ലാമിന് ഒരേപോലെയാണെന്ന് തുടർന്ന് പ്രതിപാദിക്കുന്നു. തുടർന്ന് ബഹുദൈവ വിശ്വാ

സികളുടെ സങ്കൽപങ്ങളെ വിശദമായി പരിശോധിക്കുകയും വിഗ്രഹാരാധനയുടെ ദോഷങ്ങളെ വിശകലനം നടത്തുകയും ചെയ്യുന്നു. ലോകത്ത് നിലനിൽക്കുന്ന വ്യത്യസ്ത ബഹുദൈവസങ്കൽപ്പങ്ങൾ പരിശോധിക്കുകയും, യുക്തിയുടെ മാനദണ്ഡമുപയോഗിച്ച് അവയുടെ പൊരുത്തക്കേടുകൾ വെളിവാക്കുകയും ചെയ്യുന്നു.

തുടർന്നുള്ള അധ്യായത്തിൽ അല്ലാഹുവിന്റെ സത്തയെയും ഗുണങ്ങളെയും സംബന്ധിച്ച ഇസ്‌ലാമിലെ വ്യത്യസ്ത ചിന്താധാരകൾ പരിശോധിക്കപ്പെടുന്നു. അല്ലാഹുവിന്റെ സത്ത എല്ലാ ഉപമകൾക്കും സാദൃശ്യങ്ങൾക്കുമപ്പുറമായതിനാൽ മനുഷ്യഭാഷയിൽ വിവരിക്കുമ്പോൾ അവയ്ക്ക് മനുഷ്യാരോപിത രൂപം കൈവന്നത് ഇസ്‌ലാമിലെ ഒരു സങ്കീർണതയാണ്. അതിനാൽ അല്ലാഹുവിനെ നിരാകാരനായി കാണുകയും അതിനൊപ്പം അവന്റെ ഗുണങ്ങളെ മനസ്സിൽ സങ്കൽപ്പിക്കുകയും വേണമെന്നുള്ള ഒരു വൈരുധ്യാധിഷ്ഠിത രീതി പുലർത്തുന്നതാണ് ഉത്തമ മാർഗം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

മനുഷ്യന്റെ വിധിയുടെയും നിയമനിർമാണത്തിന്റെയും അധിപൻ അല്ലാഹു ആയിരിക്കെ തന്നെ സ്വന്തമായി തീരുമാനമെടുക്കാനും പ്രവർത്തിക്കാനുമുള്ള സാതന്ത്ര്യം ദൈവം അവന് നൽകിയിട്ടുണ്ട് എന്ന വൈരുധ്യത്തെയും ഗ്രന്ഥകാരൻ പരിശോധിക്കുന്നു. മനുഷ്യന് സ്വന്തമായി കർമങ്ങൾ ചെയ്യാനുള്ള അവകാശം ദൈവം നൽകിയിട്ടുണ്ട്. അതിനാൽ അവന്റെ വിധി ഒരു പരിധിവരെ അവന്റെ കൈയിൽ കൂടിയാണ്. മനുഷ്യൻ വിശ്വസിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതും മുഖ്യമായും അവനുവേണ്ടി തന്നെയാണ്. എല്ലാറ്റിനും കഴിവുള്ള ദൈവത്തിന് അതൊന്നും ആവശ്യമില്ല. പക്ഷേ പ്രാർഥനക്കും പശ്ചാത്താപത്തിനും ദൈവം സദ്ഗതി പ്രദാനം ചെയ്യും. ഇസ്‌ലാമിക ദൈവശാസ്ത്രത്തിൽ നിലനിൽക്കുന്ന ഇത്തരം ഒട്ടേറെ സമസ്യകൾ ഗ്രന്ഥകാരൻ പരിശോധിക്കുകയും അവക്കെല്ലാം പാരമ്പര്യാധിഷ്ഠിതമായ ഉത്തരങ്ങൾ നൽകുകയും ചെയ്യുന്നു.

പക്ഷേ, മതവിശ്വാസവും ആത്മീയതയുമെല്ലാം യുക്തിക്ക് വഴങ്ങാത്ത പ്രതിഭാസവിജ്ഞാനീയപരമായ(Phenomenology) വിഷയങ്ങൾ ആയതിനാൽ ആധുനികയുക്തിയിൽ തന്റെ വീക്ഷണങ്ങളെ പടുത്തുയർത്തിയിട്ടുള്ള ഗ്രന്ഥകാരൻ പലപ്പോഴും പ്രത്യക്ഷരവാദത്തിന്റെ ന്യൂനീകരണങ്ങളിലും വചനശാസ്ത്രത്തിന്റെ കാർക്കശ്യങ്ങളിലും പെട്ടുപോകുന്നതും കാണാം.

ഈ കൃതിയിൽ ഗ്രന്ഥകാരൻ സൂചിപ്പിക്കാതെ പോയ ഒരു കാര്യം ഇസ്‌ലാമിന്റെ ദൈവശാസ്ത്രത്തിൽ ഒട്ടേറെ വ്യത്യസ്ത ചിന്താസരണികൾ ഉണ്ടെന്നതാണ്. ഇസ്‌ലാമിന്റെ ചരിത്രപരമായ വളർച്ചയിൽ അതിന്റെ മുഖ്യധാരക്കൊപ്പം വിവിധ തത്ത്വശാസ്ത്രങ്ങളുടെ പിൻബലത്തിൽ രൂപമെടുത്ത ഒട്ടേറെ ചിന്താസരണികളും അവ തമ്മിലുള്ള സങ്കീർണമായ തർക്കവിതർക്കങ്ങളും സാമാന്യ ജനങ്ങൾക്ക് അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഒരു ലഘുകൃതിയിൽ അപ്രസക്തമായതുകൊണ്ടാവാം അതൊഴിവാക്കപ്പെട്ടത്. ശീഈ, സുന്നീ വിഭാഗങ്ങളോടൊപ്പം തന്നെ അൽക്കിന്ദി, അൽഫാറാബി, ഇബ്നുസീന മുതലായവരുടെ ദാർശനിക സരണിയും ജലാലുദ്ദീൻ റൂമി, ഫഖ്റുദ്ദീൻ അത്താർ, ഇബ്നു അറബി മുതലായവരുടെ സ്വൂഫി സരണിയും ഖുർആനെയും അല്ലാഹുവിനെയും വ്യാഖ്യാനിക്കുന്നത് പാഠഭേദങ്ങളോടെയാണ്. വ്യത്യസ്തമായ ഇത്തരം വായനകളെക്കുറിച്ച് ചെറിയ സൂചനയെങ്കിലും നൽകേണ്ടത് അനിവാര്യമായിരുന്നു.

അല്ലാഹുവിനോടു തന്നെ ബന്ധപ്പെട്ട് 'അല്ലാഹുവും മനുഷ്യനും,' 'അല്ലാഹുവും മലക്കുകളും,' 'അല്ലാഹുവും ജിന്നുകളും,' 'അല്ലാഹുവും പ്രവാചകരും' മുതലായ വിഷയങ്ങളും വിവരിക്കുന്നു. പക്ഷേ ഇവിടെ സ്വതന്ത്രമായ വിശകലനത്തിന് പകരം അക്കാദമിക് ടെക്സ്റ്റുകളുടെ പകർപ്പെഴുത്ത് മാത്രമാണ് ഗ്രന്ഥകാരൻ നിർവഹിക്കുന്നത്. പ്രബോധന ദൗത്യം നിറവേറ്റാനുള്ള ഒരു ഗ്രന്ഥമായതിനാൽ ഇസ്‌ലാമിനെ പരിചയിക്കുന്നവർക്ക് പ്രാഥമിക തത്ത്വങ്ങൾ ലഭ്യമാക്കാനായിരിക്കും അദ്യഘട്ടങ്ങളിലെ സംവാദ ശൈലി അവസാന ഭാഗങ്ങളിൽ ഗ്രന്ഥകാരൻ ഉപേക്ഷിക്കുന്നത്.

'വിശ്വാസത്തെയും കർമത്തെയും ആരാധനയെയും,' ഗ്രന്ഥകാരൻ താൻ വിവരിച്ചു വന്ന വിഷയങ്ങളുമായി സുന്ദരമായി സമഞ്ജസപ്പെടുത്തി ഈ കൃതി അവസാനിപ്പിക്കുന്നു. ഇസ്‌ലാമിലെ ആരാധനയും കർമങ്ങളുമെല്ലാം വെറും ബാഹ്യാനുഷ്ഠാനമല്ല, മഹത്തായ ഒരു ആശയത്തിന്റെയും പ്രത്യുത അതുൾക്കൊള്ളുന്ന നന്മയുടെയും സാക്ഷാൽക്കാരമാണെന്ന് ഗ്രന്ഥകാരൻ പ്രത്യേകം ഊന്നിയുറപ്പിക്കുന്നത് അനുഷ്ഠാന മോടികൾ വർധിച്ചു വരുന്ന ഈ കാലത്ത് വളരെ ഔചിത്യ പൂർണമാണ്. അതിനായി വൈക്കം മുഹമ്മദ് ബഷീറിന്റെ 'അനന്തമായ പ്രാർഥനയാകുന്നു ജീവിതം' എന്ന വാക്യം അദ്ദേഹം ഉപയോഗപ്പെടുത്തുന്നു.

ഇസ്‌ലാമിനെ പുതുതായി പരിചയപ്പെടുന്നവർക്കും, അതിനെപറ്റി കൂടുതൽ പഠിക്കാനാഗ്രഹിക്കുന്നവർക്കും ലളിതമായ സംവാദാത്മക ശൈലിയിൽ ഇസ്‌ലാമിന്റെ വിശ്വാസ പ്രമാണങ്ങളെയും ജീവിത വീക്ഷണത്തെയും ജൈവികമായി പരിചയപ്പെടുത്തുന്നതാണീ കൃതി. പലപ്പോഴും പരമ്പരാഗത പ്രബോധകർ പ്രചരിപ്പിക്കുന്ന ചലനാത്മകതയും ചൈതന്യവും അന്യമായ വരണ്ട ഗ്രന്ഥങ്ങളേക്കാൾ ഇസ്‌ലാമിന്റെ ഉള്ളറകളിലേക്കും അതിന്റെ ആഴങ്ങളിലേക്കും സഞ്ചരിക്കുന്ന ഈ കൃതി അതിലൂടെ പ്രബോധന ധർമത്തിന്റെ യഥാർഥ സാംഗത്യത്തെയും അതിന്റെ അനന്യതയേയും സഫലമാക്കുന്നു. ■

**ഇസ്‌ലാമിലെ ആരാധനയും കർമങ്ങളുമെല്ലാം വെറും ബാഹ്യാനുഷ്ഠാനമല്ല, മഹത്തായ ഒരു ആശയത്തിന്റെയും പ്രത്യുത അതുൾക്കൊള്ളുന്ന നന്മയുടെയും സാക്ഷാൽക്കാരമാണെന്ന് ഗ്രന്ഥകാരൻ പ്രത്യേകം ഊന്നിയുറപ്പിക്കുന്നത് അനുഷ്ഠാന മോടികൾ വർധിച്ചു വരുന്ന ഈ കാലത്ത് വളരെ ഔചിത്യ പൂർണമാണ്.**